<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2530</u> <u>12/06/2018-ൽ മറുപടിയ്ക്ക്</u>

# സഹകരണ സംഘത്തിലെ വായ്പക്കാരൻ വായ്പാ കാലാവധിക്കുള്ളിൽ മരണമടയുന്ന സാഹചര്യം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ഇ.കെ. വിജയൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സഹകരണ ബാങ്കിൽ നിന്നും വായ്പ എടുത്ത് വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വരുകയും വായ്പക്കാരൻ വായ്പാ കാലാവധിക്കുള്ളിൽ മരണമടയുകയും ചെയ്യുന്ന സാഹചര്യത്തിൽ വായ്പ തിരിച്ചടയ്ക്കാൻ എന്തൊക്കെ ആനുകൂല്യം നൽകി വരുന്നുണ്ടെന്ന് വിശദമാക്കാമോ; | (എ) | വായ്പക്കാരൻ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന വായ്പ തുകയിൽ 150000/-രൂപ വരെ മുതലിനത്തിലും അതിന്റെ പലിശയും, റിസ്ക് ഫണ്ട് നിയമാവലിക്ക് വിധേയമായി വായ്പക്കാരന്റെ കണക്കിൽ വരവ് വെയ്ക്കുന്നതിന് സംഘത്തിന് ബോർഡിൽ നിന്നും നൽകുന്നതാണ്.<br>ഒന്നിൽ കൂടുതൽ പേർ ചേർന്നെടുത്ത കോ-ഒബ്ലിഗെന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ അതിൽ ഒരു വായ്പക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പക്കാരന്റെ മരണ തീയതിയിൽ ബാക്കി നിൽക്കുന്ന തുകയിൽ ആനുപാതികമായ തുകയും ആയതിന്റെ പലിശയും റിസ്ക് ഫണ്ട് വ്യവസ്ഥകൾക്ക് വിധേയമായി വായ്പക്കാരന്റെ അക്കൗണ്ടിൽ വരവ് വയ്ക്കുന്നതിന് സംഘത്തിന് നൽകുന്നതാണ്. |
| (ബി) | ഇത്തരം വായ്പ റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തുമോ; | (ബി) | ഉൾപ്പെടുത്തുന്നതാണ്. വായ്പക്കാരൻ വായ്പാ കാലാവധിയിലോ വായ്പാകാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന തുകയ്ക്കാണ് റിസ്ക് ഫണ്ട് ആനുകൂല്യം നൽകുന്നത്. |

| | | | |
|---|---|---|---|
| (സി) | റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തുവാൻ മരണപ്പെട്ട് ഇത്ര നാൾ എന്ന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ ? | (സി) | മരണമടഞ്ഞ വായ്പക്കാരന്റെ അനന്തരാവകാശി, സംഘത്തിൽ അപേക്ഷ നൽകി അപേക്ഷയോടൊപ്പം വായ്പക്കാരന്റെ മരണ സർട്ടിഫിക്കറ്റ് ഹാജരാക്കി റിസ്ക് ഫണ്ട് പദ്ധതി യിലെ 11 (എ) ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുളള രേഖകളോടൊപ്പം കമ്മിറ്റി തീരുമാന പകർപ്പും അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേനയും ജില്ലാ സഹകരണ ബാങ്ക് ആണെങ്കിൽ ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ മുഖേനയും, പ്രാഥമിക കാർഷിക വികസന ബാങ്കാണെങ്കിൽ അസിസ്റ്റന്റ് രജിസ്ട്രാർ /വാല്യുവേഷൻ ഓഫീസർ മുഖേനയും ശിപാർശ സഹിതം 15 ദിവസത്തിനകം ബോർഡ് സെക്രട്ടറിക്ക് അയച്ചു നൽകേണ്ടതാണെന്ന് റിസ്ക് ഫണ്ട് ബൈലോ 11-ൽ വ്യവസ്ഥചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ